പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നംപർ. 146

15.06.2012 ൽ മറുപടിയ്ക്ക്

## അനാഥരുടെ പുനരധിവാസം

ചോദ്യം

ഉത്തരം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ.പി.ബി. അബ്ദുൾ റസാക്
ശ്രീ. കെ.എം. ഷാജി
ശ്രീ. റ്റി.എ. അഹമ്മദ് കബീർ

ഡോ. എം.കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഒറ്റപ്പെട്ടുകഴിയുന്ന വൃദ്ധർ, മനോ നില തെറ്റിയവർ, സ്ത്രീകൾ, കുട്ടികൾ, തെരുവിൽ അലയുന്നവർ, നടക്കാനാകാത്ത വിധം ശരീരം തളർന്നവർ എന്നിവരെ സംബന്ധിച്ച വിവര ശേഖരണം ഏതെങ്കിലും ഏജൻസി മുഖേന നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ ; | എ) | വിവരശേഖരണം നടത്തിയിട്ടില്ല |
| ബി | പ്രസ്തുത വിഭാഗങ്ങളുടെ സംരക്ഷണം, ശുശ്രൂഷ, പുനരധിവാസം എന്നിവ സംബന്ധിച്ച് നടപ്പാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ ; | ബി | സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനായി സാമൂഹ്യ ക്ഷേമ വകുപ്പ് നേരിട്ട് 15 വൃദ്ധസദനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധസദനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ട്. ആശുപത്രിയിൽ കഴിയുന്ന സംരക്ഷണം ഏറ്റെടുക്കാൻ ബന്ധുക്കൾ മുന്നോട്ടു വരാത്തവർക്ക് സംരക്ഷണം നൽകുന്ന ഒരു പദ്ധതി നടപ്പാക്കി വരുന്നു. സംരക്ഷിക്കാൻ ബന്ധുക്കൾ മുന്നോട്ടു വരാത്ത മാനസിക രോഗം ഭേദമായവരെ പുനരധി വസിപ്പിക്കുന്നതിന് 6 ആശാഭവനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഇതിൽ 3 |

| | | | |
|---|---|---|---|
| | | | എണ്ണം സ്ത്രീകൾക്കു വേണ്ടിയുള്ളതാണ്. നട്ടെല്ലിനു ക്ഷതം സംഭവിച്ച ശയ്യാവലംബികളായവരെ പുനരധിവസിപ്പിക്കുന്ന ഒരു പദ്ധതി ഇൻഡ്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റിവ് കെയർ എന്ന സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ അഞ്ച് ജില്ലകളിൽ നടപ്പാക്കുന്നു. വികലാംഗർക്ക് രണ്ടു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വികലാംഗരായ വനിതകൾക്ക് വിവാഹ ധന സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടിയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കു വേണ്ടിയുമായി സംസ്ഥാനത്ത് ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. സന്നദ്ധ സംഘടനകൾ നടത്തുന്ന ചിൽഡ്രൻസ് ഹോമുകൾക്ക് ഗവൺമെന്റ് സാമൂഹ്യക്ഷേമ വകുപ്പിന്റെ ഓർഫനേജ് കൺട്രോൾ ബോർഡ് വഴി ഗ്രാന്റ് നൽകുന്നുണ്ട്. ഐ.സി.പി.എസ്. പദ്ധതി പ്രകാരം തെരുവിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന കുട്ടികൾ, ബാലവേല ചെയ്യുന്ന കുട്ടികൾ തുടങ്ങിയ വിഭാഗങ്ങളെ സംരക്ഷിക്കുന്ന പദ്ധതിയും നിലവിലുണ്ട് .<br><br>സ്ത്രീകളെ സംരക്ഷിക്കുന്നതിന് 12 മഹിളാ മന്ദിരങ്ങളും ഒരു ഷോർട്ട് സ്റ്റേ ഹോമും 2 ആഫ്റ്റർ കെയർ ഹോമുകളും പ്രവർത്തിച്ചുവരുന്നു. വനിതാ ഗൃഹനാഥകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും വിധവകളുടെ വിവാഹം പ്രോൽസാഹിപ്പിക്കുന്നതിന് മംഗല്യ പദ്ധതിയും നിലവിലുണ്ട്. സ്ത്രീകൾക്കു നേരെയുണ്ടാകുന്ന ഗാർഹിക അതിക്രമങ്ങൾ തടയുന്നതിന് വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ സേവനം എല്ലാ ജില്ലകളിലും |

| | | | |
|---|---|---|---|
| | | | ലഭ്യമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് 'നിർഭയ' പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചു കഴിഞ്ഞു. വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനായി വയോമിത്രം പദ്ധതിയിലൂടെ മെഡിസിൻ. ആംബുലൻസ് സർവ്വീസ്. ഹെൽപ്പ് ഡെസ്ക്ക്, പാലിയേറ്റീവ് ഹോം കെയർ എന്നീ സേവനങ്ങൾ ലഭ്യമാണ്.<br><br>ചൂഷണത്തിനു വിധേയമായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്ന അഗതികളായ അമ്മമാർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.<br><br>നടക്കാനാവാത്തവിധം ശരീരം തളർന്നവരേയും, മനോനില തെറ്റിയവരേയും പരിചരിക്കുന്നവർക്ക് 400/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം അനുവദിക്കുന്ന ആശ്വാസ കിരണം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്നു. 18 വയസ്സിനു താഴെയുള്ള ക്യാൻസർ, ഹീമോഫീലിയ, അസ്ഥിവൈകല്യം, താലസീമിയ, സെറിബ്രൽ പാൾസി, കാർഡിയോ വാസ്ക്കുലാർ വൈകല്യങ്ങൾ തുടങ്ങിയ ഗുരുതര രോഗബാധിതരായ കുട്ടികളുടെ സൗജന്യ ചികിത്സ അനുവദിക്കുന്ന ക്യാൻസർ സുരക്ഷാ/താലോലം പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്നു. |
| സി | ഇവരെ സംബന്ധിച്ച വാർഡ്തല വിവരങ്ങൾ ശേഖരിക്കാതെ അവർക്കു വേണ്ടി ആസൂത്രണം ചെയ്തു നടപ്പാക്കുന്ന പദ്ധതികൾ | സി | വാർഡ് തല വിവരങ്ങൾ ശേഖരിക്കേണ്ടി വരുന്നവരുടെ വിശദാംശങ്ങൾ അംഗൻവാടി വർക്കർമാരിലൂടെ ശേഖരിച്ച് |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്ന ഫലം നൽകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | | പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാൽ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കി വരുന്നു. |
| ഡി | ഈ വിഭാഗത്തിൽപ്പെടുന്നവരുടെ സമ്പൂർണ്ണ വിവരങ്ങൾ വാർഡു തലത്തിൽ ശേഖരിച്ച് അതിനനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ? | ഡി | ഈ വിഭാഗത്തിൽപെടുന്നവർക്കു വേണ്ടി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പല പദ്ധതികളുടെയും ഗുണ ഭോക്താക്കളുടെ വിവരം അംഗൻ വാടി വർക്കർമാരെ ഉപയോഗിച്ച് ശേഖരിച്ചു വരുന്നു. ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം ഇക്കാര്യത്തിൽ തേടാവുന്നതേയുള്ളൂ. |

R. [signature]

സെക്ഷൻ ഓഫീസർ